ഔഷധമൂല്യങ്ങൾ എന്തൊക്കെയെന്നുള്ളത് പരിശോധിച്ച് വാല്യു ആഡഡ് ആയിട്ടുള്ള സാധനങ്ങൾ അതിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്നു നോക്കി അടയ്ക്കാ കൃഷിക്കാരുടെ പ്രതിസന്ധി നേരിടാനുള്ള നടപടികൾ എടുക്കണമെന്നാണ്. ആ വിധത്തിലുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ട്. ഇന്ന് ഇതിനെതിരായി ബോധവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. ചില സ്ഥലത്ത് നിയമനടപടികളും ഉണ്ട്. അടയ്ക്ക ഉപയോഗിച്ചുണ്ടാക്കുന്ന മറ്റുൽപ്പന്നങ്ങളുടെ കാര്യത്തിൽ നിയമനടപടികളും നടക്കുന്നുണ്ട്.

VI. സബ്മിഷൻ

(1) ഓൺലൈൻ ലോട്ടറി വിൽപ്പന സംബന്ധിച്ച സുപ്രീംകോടതി സ്റ്റേ നീക്കിക്കിട്ടുന്നതിന് നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ അനധികൃതമായ ഓൺ ലൈൻ ലോട്ടറി നിരോധിക്കുന്നതിന് ഗവൺമെന്റ് തയ്യാറായെങ്കിലും ആ നിരോധനം കോടതി സ്റ്റേ ചെയ്തതിനെ തുടർന്ന് നിയമവിരുദ്ധമായി ലോട്ടറി നടത്തി നിമിഷംപ്രതി 15 ലക്ഷം മലയാളികളെ ചതിച്ചുകൊണ്ടിരിക്കുന്നു എന്ന് കേരളാ ഗവൺമെന്റ് തന്നെ ഹൈക്കോടതിയിൽ അഫിഡവിറ്റ് നൽകിയിട്ടുണ്ട്. ആ ചതിയുടെ ഫലമായി കേരളത്തിലെ ഖജനാവിന് ലഭിക്കേണ്ട ആയിരക്കണക്കിന് രൂപയുടെ നഷ്ടം നികത്തുന്നതിന് സഹായകരമായിട്ടുള്ള നിലയിൽ ഗവൺമെന്റ് കാര്യമായ യാതൊരു നടപടിയും സ്വീകരിക്കാതെ ഇപ്പോൾ വെക്കേഷന്റെ അവസരത്തിൽപ്പോലും ലോട്ടറി കച്ചവടക്കാർക്ക് നിരോധനം വാങ്ങാൻ സൗകര്യം കൊടുക്കുകയാണ് ചെയ്യുന്നത്. വ്യക്തമായി കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരായി വെക്കേഷൻ അവസരത്തിൽ പോകുമെന്ന് മനസ്സിലാക്കി സീനിയർ അഭിഭാഷകരെ അതു കൈകാര്യം ചെയ്യാൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയില്ല. തുടർന്ന് അതിൽ നിന്ന് ഒഴിഞ്ഞുനിന്നതിന്റെ ഫലമായി ലോട്ടറി കച്ചവടക്കാർക്ക് അനുകൂലമായി സുപ്രീംകോടതി വിധി ലഭിക്കുകയുണ്ടായി. പക്ഷേ ആ വിധിക്കെതിരായി ഗവൺമെന്റിന് എന്തെങ്കിലും നിലപാട് സ്വീകരിക്കാനുണ്ടെങ്കിൽ അതു കേൾക്കാൻ കോടതി തയ്യാറാണ് എന്നു പറഞ്ഞുകൊണ്ടുള്ളതാണ് വിധി. എന്നിട്ടും ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ ഗവൺമെന്റിന് യാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. നികുതി വകുപ്പു സെക്രട്ടറിയും ഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ട ലോട്ടറി ഡയറക്ടറുമെല്ലാം തന്നെ ഗവൺമെന്റിന്റെ അഡ്വക്കേറ്റ് ജനറൽ ഈ കേസ് നടത്തുന്നത് ഗവൺമെന്റിന് ഗുണകരമല്ല എന്നും, അതുകൊണ്ട് വേറെ സീനിയറായിട്ടുള്ള അഭിഭാഷകരെ വച്ച് ഈ കേസ് നടത്തിയില്ലെങ്കിൽ ഗവൺമെന്റിന് കോടിക്കണക്കിന് രൂപയുടെ നികുതി നഷ്ടം ഉണ്ടാക്കി, ജനങ്ങളെ ചതിക്കുക എന്നുള്ളത് തുടർന്നുകൊണ്ടിരിക്കുമെന്നും ഗവൺമെന്റിനെ അറിയിച്ചിട്ട് അതൊന്നും പരിഗണിക്കാൻ തയ്യാറായിട്ടില്ല. അഡ്വക്കേറ്റ് ജനറൽ കാണിച്ചുപോരുന്ന നിരുത്തരവാദിത്വം തുടരാനും ലോട്ടറി കച്ചവടക്കാർ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ഈ സമീപനം അനുവദിക്കാനും അതുവഴി കേരള ഖജനാവിന് വരേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെടാനും ഇടയാകുന്ന സ്ഥിതിയാണ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് മുന്ന്–നാല്

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവനകൾ വഴി ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കാൻ ഞാൻ നടത്തിയ ശ്രമത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പ്രതിപക്ഷനേതാവ് പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് കണ്ടു; പക്ഷേ അത് സംബന്ധിച്ച് വിശദമായി എനിക്ക് കത്തയച്ചാൽ ആവശ്യമായ നടപടി ഞാൻ സ്വീകരിക്കുന്നതാണ് എന്നാണ്. അത് പരസ്യമായി പറഞ്ഞു. ലജനാവിന് കോടിക്കണക്കിന് രൂപയുടെ നികുതി നഷ്ടമുണ്ടാകുന്നു. അതുപോലെ 15 ലക്ഷം ആളുകളെ വരെ നിമിഷം പ്രതി ചതിച്ചുകൊണ്ടിരിക്കുന്ന ഒരു സംഭവത്തെക്കുറിച്ച് ഞാൻ പുറപ്പെടുവിച്ച പ്രസ്താവന സീരിയസ്സായിട്ട് വായിച്ചു മനസ്സിലാക്കി സ്റ്റെപ്പ് എടുക്കാൻ തുനിഞ്ഞില്ലായെന്നു മാത്രമല്ല പ്രസ്താവനയ്ക്ക് പകരം കത്തെഴുതിയാൽ നടപടിയെടുക്കാമെന്ന് പറയുകയും ചെയ്തിരിക്കുകയാണ്. അത് സീരിയസ്സായിരിക്കുമെന്നു കരുതി വിശദമായി കാര്യങ്ങൾ പ്രതിപാദിച്ചുകൊണ്ട് ഞാൻ കത്തെഴുതി. കത്തയച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പരസ്യമായി പറഞ്ഞ മുഖ്യമന്ത്രി യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇപ്പോൾ ഗവൺമെന്റിന്റെ വക്താക്കളുടെ അഭിപ്രായം അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു എന്നാണ്. ആരുടെ അന്വേഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്? ലാ സെക്രട്ടറിയുടേയും നികുതി വകുപ്പു സെക്രട്ടറിയുടേയുമാണ്. അഡ്വക്കേറ്റ് ജനറലിനെപ്പോലെ ഉത്തരവാദപ്പെട്ട ആളുകൾക്കെതിരായിട്ടുള്ള അന്വേഷണം എന്നു പറയുമ്പോൾ, അദ്ദേഹത്തിന്റെ ജൂനിയറായിട്ടുള്ള ഉദ്യോഗസ്ഥരെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയാൽ എങ്ങനെയിരിക്കും? ജില്ലാ കളക്ടറെ സംബന്ധിച്ച അന്വേഷണം നടത്താൻ വില്ലേജാഫീസറെ ചുമതലപ്പെടുത്തുന്നതുപോലെയുള്ള നടപടിയല്ലേ അത്? ആ തരത്തിലുള്ള നടപടിയാണ്. ഗവൺമെന്റിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ വ്യാജ ലോട്ടറി നടത്തുന്നതുവഴി മറ്റുള്ളവർക്ക് ലഭ്യമാകുകയാണ്. ഓൺ ലൈൻ ലോട്ടറി എന്ന നിയമവിരുദ്ധമായിട്ടുള്ള കച്ചവടം ജനങ്ങളെ ചതിച്ചുകൊണ്ടിരിക്കുന്ന, ജനങ്ങളെ ശിക്ഷിച്ചുകൊണ്ടിരിക്കുന്ന കച്ചവടമാണ്. ഒരു നമ്പർ അടിച്ചില്ലെങ്കിൽ അടുത്ത നമ്പർ അടിക്കുമെന്ന പ്രതീക്ഷയിൽ ആളുകൾ ടിക്കറ്റെടുത്ത് പോക്കറ്റ് മുഴുവൻ കാലിയാകുന്നതുവരെ ഇത് തുടരും. പൈസ കിട്ടുകയുമില്ല. നിമിഷംപ്രതി 15 ലക്ഷം പേരെ ചതിക്കുന്നു എന്ന് ഗവൺമെന്റ് തന്നെ കോടതിയിൽ അഫിഡവിറ്റ് നൽകി. ആ സീരിയസ്നെസ്സോടുകൂടി ലജനാവിന് വരേണ്ടതായിട്ടുള്ള കോടിക്കണക്കിന് രൂപയുടെ നഷ്ടം എന്നതിനു പുറമേ ജനങ്ങളെ ചതിച്ചുകൊണ്ടിരിക്കുന്ന ഈ ലോട്ടറി കച്ചവടക്കാരുടെ ചൂതുകളിക്കെതിരായി എന്തുകൊണ്ടാണ് ഗവൺമെന്റ് സീരിയസ്സായിട്ടുള്ള നടപടി സ്വീകരിക്കാത്തത്? അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ പാവനമായിട്ടുള്ള ചുമതല നിറവേറ്റാതെ കള്ളക്കച്ചവടക്കാർക്ക് കൂട്ടുനിൽക്കുന്ന ഈ സംവിധാനം അവസാനിപ്പിച്ചിട്ട് സീനിയറായിട്ടുള്ള അഭിഭാഷകരെ ഉടനടി ചുമതലപ്പെടുത്തി കള്ളക്കച്ചവടവും കള്ള ഇടപാടുകളും അവസാനിപ്പിക്കാൻ ആവശ്യമായിട്ടുള്ള നടപടി ഇനിയെങ്കിലും സ്വീകരിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഓൺലൈൻ ലോട്ടറിയെക്കുറിച്ച് പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് കേരള സംസ്ഥാന ഗവൺമെന്റും ധനകാര്യ വകുപ്പും ലോട്ടറി ഡിപ്പാർട്ടുമെന്റും കാണുന്നത്. ഓൺലൈൻ ലോട്ടറി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിലും വർഷങ്ങളായി നടന്നുവരുന്നതാണ്; വേണ്ടിവന്നാൽ ഒരു ചൂതാട്ടം തന്നെയാണെന്ന് പറയുന്നതിൽ തെറ്റില്ല. ഓൺലൈൻ ലോട്ടറിയുടെ പ്രവർത്തനം നിയന്ത്രിക്കുന്ന ചട്ടങ്ങൾ ഇന്ത്യാ രാജ്യത്ത് ആദ്യമായി പുറപ്പെടുവിച്ചത് കേരള സംസ്ഥാന ഗവൺമെന്റാണ്. പക്ഷേ ഓൺലൈൻ ലോട്ടറിയുടെ പ്രവർത്തനം കേരളത്തിന്റെ മുക്കിലും മൂലയിലും ഒരു നിയന്ത്രണവുമില്ലാതെ നടന്നുവരികയായിരുന്നു. കേന്ദ്ര ഗവൺമെന്റാണെങ്കിൽ ഇതിനൊരു അനുകൂലമായ നിലപാടാണ് ആദ്യമെടുത്തത്. മുൻ ഗവൺമെന്റിനേയും ഈ ഗവൺമെന്റിനേയുമൊന്നും ഞാൻ പറയുന്നില്ല, അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാനത് അംഗീകരിച്ചുകൊണ്ടുതന്നെ പറയുകയാണ്, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഞാൻ പറയുന്നത്, നമ്മളാണ് ആദ്യം ഇതിനൊരു നിയമം കൊണ്ടുവന്നത്. നിയമം കൊണ്ടുവന്നതിനുശേഷവും നമ്മുടെ ഗവൺമെന്റ് ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് ഒരു കേസ് കൊടുത്തു, അതിന് ആദ്യം സ്റ്റേ കിട്ടി, അതിനുശേഷം നമ്മൾ നിർത്തലാക്കി. അപ്പോൾ ലോട്ടറിക്കാർ സുപ്രീംകോടതിയിൽ പോയി. അവരെ സംബന്ധിച്ചിടത്തോളം അവർക്ക് വേണ്ടത്ര പണം ചെലവാക്കാനുണ്ട്. പക്ഷേ ഇവിടെ അവർക്ക് ആരേയും സ്വാധീനിക്കാൻ സാധിച്ചിട്ടില്ല എന്നുള്ളതാണ് ഒരു പ്രധാനമായ കാര്യം, അത് പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. പക്ഷേ 19-12-2003-ലെ ഇടക്കാല വിധിയിൽ പരാതിക്കാരൻ കേരളത്തിൽ നടത്തുന്ന ലോട്ടറി ബിസിനസ്, Kerala State Lotteries and Regulations Rules, 2003-ലെ Rule 24 (3), 24 (10) എന്നിവ പ്രകാരം സംസ്ഥാന ഗവൺമെന്റ് തടസ്സപ്പെടുത്തുന്നത് കോടതി തടയുകയുണ്ടായി. എങ്കിലും സംസ്ഥാനത്ത് നിയമം ലംഘിച്ച് നടത്തുന്ന അന്യസംസ്ഥാന ലോട്ടറിക്കാർക്കെതിരെ Lotteries and Regulations Act-ന്റെ സെക്ഷൻ 6 പ്രകാരം നടപടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിനെ സമീപിക്കാൻ ഈ ഇടക്കാല ഉത്തരവ് തടസ്സമാകുകയില്ലെന്ന് വിശ്വസിച്ചു, ഈ അടിസ്ഥാനത്തിലാണ് പിന്നെ സുപ്രീംകോടതിയിൽ പോയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്, ഗവൺമെന്റ് നല്ല വക്കീലന്മാരെയൊന്നും വച്ചിട്ടില്ല എന്നാണ്. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവ് വന്നത് 17-5-2004-ലാണ്. വെക്കേഷൻ കഴിഞ്ഞ് സുപ്രീംകോടതി 5-7-2004-ലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരം സുപ്രീംകോടതിയുടെ സ്റ്റാൻഡിംഗ് കൗൺസിലറായ രമേശ് ബാബുവിനോട് പറഞ്ഞിട്ട് പ്രമുഖ അഭിഭാഷകനായ ശ്രീ. പി. പി. റാവുവിനെയാണ് നമ്മൾ ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ ഒരു ഉപേക്ഷയും വരുത്തുന്നില്ല, ഉപേക്ഷ വരുത്താൻ തീരുമാനിച്ചിട്ടുമില്ല, ഒരു കാരണവശാലും ഇനി എന്തുവന്നാലും ശരി, ഈ ഓൺലൈൻ ലോട്ടറികൾക്ക് വിധേയമായി ഗവൺമെന്റ് പ്രവർത്തിക്കില്ലെന്ന് ഞാൻ ഉറപ്പുതരുന്നു. നമുക്ക് നഷ്ടംവരാതെ കഴിക്കണമെന്ന് വിചാരിച്ചിട്ട് പ്രധാനപ്പെട്ട ചില കാര്യങ്ങളിൽ നമ്മൾ ചില തീരുമാനങ്ങളെടുത്തു. ഇപ്പോൾ സ്റ്റേ വന്നതുകൊണ്ട് നമുക്ക് ഒന്നും ചെയ്യാൻ പറ്റിയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യം പറയാം, 2001-2002-ൽ നമുക്ക് ഇതിൽ നിന്നും ഒരു കോടി രൂപയാണ് വരുമാനമുണ്ടായിരുന്നത്. 2002-2003-ൽ അത് 2.86 കോടി രൂപയായി. 2003-2004-ൽ 9.64 കോടി രൂപയുടെ വരുമാനമുണ്ടായി. ഇപ്പോൾ ഇതിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

ഇതായിരിക്കുന്നു. എന്നാലും സുപ്രീംകോടതിയുടെ സ്റ്റേ വന്നതിനുശേഷം ഇപ്പോൾ പലരും ഇത് തുടങ്ങിയിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം നമുക്ക് നഷ്ടം വരാതെ, ഒരു നയാപൈസ നികുതി ചോർച്ച വരാത്തവിധത്തിൽ സുതാര്യമായിത്തന്നെ ഉയർന്ന ഒരു അഭിഭാഷകനെവച്ച് സുപ്രീംകോടതിയിൽ വാദിക്കുമെന്ന് ഞാൻ ഉറപ്പുപറയുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ആര്യാടൻ മുഹമ്മദ് ..... (ബഹളം) .....

ശ്രീ. മത്തായി ചാക്കോ: സർ, എനിക്ക് എന്റെ മണ്ഡലത്തിലെ ഒരു കാര്യം പറയാനുണ്ട് .....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ലാസ്റ്റിലാണ് എന്റെ ശ്രദ്ധയിൽപ്പെടുത്തിയത് ..... (ബഹളം) ..... ചെയറിനോട് സഹകരിക്കണം, റൂൾ 304 ആണ് ..... (ബഹളം) .....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെയും ശ്രീ. മത്തായി ചാക്കോയുടേയും വാദത്തിനിടയിൽ ഞാൻ ഒരു പ്രധാനകാര്യം അങ്ങയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയ്ക്ക് വിഷയമാക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ മൂന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ വയനാട്ടിൽ പോയി, എന്താണ് അതിന്റെ സ്ഥിതിയെന്നു പറഞ്ഞാൽ തരക്കേടില്ല. വയനാട്ടിലെ ആയിരത്തോളം ആളുകൾ അവരുടെ ദു:ഖത്തിന്റെ സ്ഥിതി അറിയിക്കാൻ ഈ സഭയുടെ വാതിൽക്കൽ വന്നിരിക്കുന്നു. അപ്പോൾ അവരോട് എന്താണ് പറയേണ്ടതെന്നുള്ളത് മനസ്സിലാക്കാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രിമാർ വയനാട്ടിൽ പോയതിന്റെ അനുഭവം ചെറുതായൊന്ന് വിശദീകരിച്ചാൽ നന്നായിരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കെ. എം. മാണി ഒരു സ്റ്റേറ്റുമെന്റ് നടത്തിയാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ് .....

(2) കക്കാട്ടിനടുത്ത് അമ്പലക്കുളങ്ങരയിലെ ബോംബ് സ്ഫോടനം

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കോഴിക്കോട് ജില്ലയിൽ വടകരയ്ക്കടുത്ത് കുന്നുമ്മൽ പഞ്ചായത്തിൽ കക്കാട്ടിൽ അമ്പലക്കുളങ്ങര എന്ന സ്ഥലത്ത് ബോംബു നിർമ്മാണത്തിനിടയിൽ ഒരു സ്ഫോടനമുണ്ടാവുകയും ശശി എന്നു പറയുന്ന ഒരാൾ മരണപ്പെടുകയും ലിജേഷ്, ദിനേശൻ, രാജീവൻ എന്നീ മൂന്നുപേർക്ക് പരിക്കേല്ക്കുകയും ചെയ്തു. ഇക്കാര്യം ഞാൻ വ്യാഴാഴ്ചതന്നെ സബ്മിഷനായി തന്നതാണ്. ബോംബുണ്ടാക്കുന്നതിനിടയിൽ അത് പൊട്ടിത്തെറിച്ചാണ് ഈ ആളുകൾക്ക് പരിക്കുപറ്റിയത്. അംഗൻവാടിയുടെ തൊട്ടടുത്ത മുറിയിലാണ് ഈ ബോംബുണ്ടാക്കുന്നത്. അങ്ങനെ ബോംബ് നിർമ്മിക്കുന്നതിനിടയിൽ അവിടെ പൊട്ടിത്തെറിയുണ്ടാവുകയും മൂന്ന് ആളുകൾക്ക് പരിക്കേല്ക്കുകയും ഒരാൾ മരണപ്പെടുകയും ചെയ്തു. മാതൃഭൂമി പത്രത്തിലും അതുപോലെ കേരള

LIBRARY ARCHIVES Kerala Legislative Assembly